

# ചെമ്മണ്ട ലൂർദ്ദുമാത ഇടവക

കാർഷിക മേഖലയായ ചെമ്മണ്ട ഗ്രാമത്തിലെ ആദ്യകാല നിവാസികളിൽ ബഹുഭൂരിപക്ഷവും ഹൈന്ദവരായിരുന്നു. പിന്നീട് കുടിയേറി പാർത്തവരാണ് ഇവിടത്തെ ക്രൈസ്തവർ. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ പൊറത്തൂർ, ആലപ്പാട്, പുള്ള് എന്നീ സ്ഥലങ്ങളിൽ നിന്നുള്ളവരായിരുന്നു പൂർവ്വികർ. അക്കാലത്ത് ഈ പ്രദേശത്തെ ക്രിസ്ത്യാനികൾ അവരുടെ ആത്മീയ ആവശ്യങ്ങൾ നടത്തിയിരുന്നത് പുരാതനമായ പഴുവിൽ പള്ളിയിലും, പിന്നീട് മാപ്രാണം പള്ളിയിലുമായിരുന്നു.

അങ്ങനെയിരിക്കെ, ഒരു നൂറ്റാണ്ടുമുമ്പ് അവിഭക്ത തൃശ്ശൂർ രൂപതയിലെ മാപ്രാണം പള്ളി വികാരിയും ഇവിടത്തെ ആലപ്പാടൻ കീറ്റിക്കൽ കുടുംബാംഗവുമായ ബഹു. ഗീവർഗീസ് കത്തനാർ ചെമ്മണ്ടയിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന പള്ളിയുടെ മുൻഭാഗത്തായി കൊച്ചി മഹാരാജാവിൽ നിന്ന് തീട്ടൂരമായി സിദ്ധിച്ച 10 സെന്റ് സ്ഥലത്ത് ഒരു കപ്പേള പണിയിച്ച് പരി. അമലോത്ഭവ മാതാവിന്റെ തിരുസ്വരൂപം സ്ഥാപിച്ചു. സാമാന്യം വലുപ്പമുള്ളതും നടപ്പുരയോടുകൂടിയതുമായിരുന്നു പ്രസ്തുത കപ്പേള. ഈ വണക്കമാസ കപ്പേളയിലാണ് നിലത്തെഴുത്തും നമസ്കാരങ്ങളും മറ്റും പഠിപ്പിച്ചിരുന്നത്. കൂടാതെ, മേയ് മാസത്തിൽ ലദീഞ്ഞ് മുതലായ തിരുക്കർമ്മങ്ങളോടുകൂടി നടത്തപ്പെട്ടിരുന്ന മാതാവിന്റെ വണക്കമാസത്തിരുന്നാളും വി. സെബസ്ത്യാനോസിന്റെ അമ്പുതിരുന്നാളുമായിരുന്നു ഇവിടത്തെ പ്രധാന ആഘോഷപരിപാടികൾ.

## ദേവാലയം

ക്രമേണ, ക്രൈസ്തവ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ഈ കപ്പേളയോടനുബന്ധിച്ച് ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിക്കാൻ സൗകര്യം ഉണ്ടാക്കണമെന്ന് പൊതുവെ അഭിപ്രായം ഉണ്ടായി. ചെറിയ ഒരു പള്ളി പണിയണമെന്ന ഉദ്ദേശ്യത്തോടെ നിലവിലുള്ള കപ്പേളപറമ്പിനോട് ചേർന്ന് 10 സെന്റ് സ്ഥലംകൂടി വാങ്ങി. അന്നത്തെ മാപ്രാണം വികാരി ബഹു. ജോർജ്ജ് പോന്നോക്കാരനച്ചന്റെ നേതൃത്വത്തിൽ തൃശ്ശൂർ ബിഷപ്പ് മാർ ജോർജ്ജ് ആലപ്പാട്ട് പുതിയ പള്ളിക്ക് തറക്കല്ലിട്ടു. തുടർന്ന് വന്ന ബഹു.

ജോൺ മാളിയേക്കലച്ചന്റെ അശ്രാന്തപരിശ്രമഫലമായി പണികൾ പുരോഗമിക്കുകയും അവസാനഘട്ടത്തിലെത്തുകയും ചെയ്തു. അങ്ങനെ, 1961 ഒക്ടോബർ 14-ാം തിയ്യതി അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവ് തന്നെയാണ് പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചത്. അതിനുശേഷം 1962-ൽ സ്വതന്ത്ര ഇടവകയായി. ഏറെ താമസിയാതെ ബഹു. ജോൺ ചിറമ്മൽ അച്ചൻ പ്രഥമ വികാരിയായി നിയുക്തനായി.

പിന്നീട് വികാരിയായിവന്ന ബഹു. ജോസഫ് പറനിലം അച്ചന്റെ കാലഘട്ടത്തിൽ പ്രദക്ഷിണത്തിന്റെ സൗകര്യാർത്ഥം പള്ളിയുടെ തെക്കു ഭാഗത്തായി 5 സെന്റ് സ്ഥലം ശ്രീ. മേച്ചേരി അന്തോണി പൊറിഞ്ചു ദാനം ചെയ്തു. കൂടാതെ പള്ളിയുടെ വടക്കേ പറമ്പ് വാങ്ങുകയും സൗകര്യാർത്ഥം ഇരുപറമ്പുകളും സംയോജിപ്പിക്കുകയും ചെയ്തു.

## സിമിത്തേരി, വൈദികമന്ദിരം

ഇവിടെ സിമിത്തേരി റെഡിയാകുന്നതിനുമുമ്പ് മാപ്രാണം സിമിത്തേരിയിലും പിന്നീട് സൗകര്യം പരിഗണിച്ച് പൊറത്തിശ്ശേരിയിലുമാണ് മൃതദേഹ സംസ്കാരം നടത്തിയിരുന്നത്. അനന്തരം പൊറത്തിശ്ശേരി സ്വതന്ത്ര ഇടവകയായിത്തീർന്ന സാഹചര്യത്തിൽ ഇവിടെ ഒരു സിമിത്തേരി ആവശ്യമായിത്തീർന്നു. ബഹു. ആന്റണി തേക്കാനത്ത് അച്ചൻ വികാരിയായിരുന്നപ്പോൾ ഇക്കാര്യം തീരുമാനിക്കുകയും സിമിത്തേരി തയ്യാറാക്കി 10.8.1978-ൽ വെഞ്ചിരിക്കുകയും ചെയ്തു. വൈദികമന്ദിരത്തിന്റെ പണികൾ പൂർത്തിയാക്കി 31.7.1981-ൽ വെഞ്ചിരിച്ചത് ബഹു. ജോസഫ് മാളിയേക്കൽ അച്ചന്റെ നേതൃത്വത്തിൽ ആണ്. അതോടൊപ്പം നടപ്പുരയുടെ പണിക്ക് തുടക്കം കുറിച്ചു.



വൈദിക മന്ദിരം

## പാരിഷ്ഹാൾ

അതിനുശേഷം പൊറത്തിശ്ശേരി പള്ളിയിൽ വികാരിമാർ താമസമാക്കിയപ്പോൾ സൗകര്യാർത്ഥം അവർ തന്നെയാണ് ഏതാനും വർഷം ഇവിടെയും വികാരിമാരായി നിയുക്തരായത്. പിന്നീട് മൂർക്കനാട്, കാറളം എന്നിവിടങ്ങളിൽ നിന്നും ഈ പള്ളി നടത്തിയിട്ടുണ്ട്. നടപ്പുരയുടെ പണി പൂർത്തീകരിച്ചതും മണിമാളിക പണിതതും ബഹു. ഫ്രാൻസിസ് കൊടിയനച്ചന്റെ (1983-86) ഉത്സാഹത്താലാണ്. പാരിഷ്ഹാളിന്റെ നിർമ്മാണത്തിന് നേതൃത്വം നല്കിയത് ബഹു. തോമസ് കൂട്ടാലയച്ചനാണ് (1986-87).



പാരിഷ് ഹാൾ

## നവീന ദേവാലയം

നിലവിലുള്ള പള്ളിയുടെ സ്ഥലപരിമിതിയും പഴക്കവും കണക്കിലെടുത്ത്, പൊളിച്ച് പണിയുന്ന കാര്യം ആലോചനയിൽ വരാറുണ്ടായിരുന്നു. 26.4.2003-ൽ പുതിയ പള്ളിയുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ബഹു. വിൻസെന്റ് പാറയിലച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ പണികൾ വേഗം തീർത്ത് 23.01.2005-ൽ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. പിന്നീട് വൈദികമന്ദിരവും മണിമാളികയും നവീകരിച്ച് വികാരി ജനറാൾ മോൺ. ജോസ് കാവുങ്ങൽ അച്ചൻ 2006 ജനുവരിയിൽ വെഞ്ചിരിച്ചു. വിവിധ കുടുംബയൂണിറ്റുകളിലായി ആകെ 131 കുടുംബങ്ങളാണ് ഇടവകയിലുള്ളത്.



മണിമാളിക

## ക്ലെയർ ഭവൻ & നസ്രത്ത് സെന്റർ

പുരാതനമായ മാപ്രാണം ഇടവകയിൽ ചെമ്മണ്ട കീറ്റിക്കൽ കുടുംബാംഗമായ ബഹു. ക്ലാരമ്മയാണ് അവിഭക്ത തൃശ്ശൂർ രൂപതയിൽപെട്ടിരുന്ന കരുവന്നൂർ പ്രദേശത്ത് 1910-ൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനികളുടെ മഠം സ്ഥാപിക്കുന്നതിന് നിമിത്തമായത്. പ്രാർത്ഥനയും മാതൃകയും മാർഗ്ഗനിർദ്ദേശങ്ങളും വഴി ചെമ്മണ്ടയിലെ ജനങ്ങളുടെ ആത്മീയ ചൈതന്യം ഉണർത്തുന്നതിൽ ബഹു. ക്ലാരമ്മ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.


നസ്രത്ത് സോഷ്യൽ സെന്റർ


ക്ലെയർ ഭവൻ എഫ്.സി. കോൺവെന്റ്

ചെമ്മണ്ടയിൽ ദേവാലയം പടുത്തുയർത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച ബഹു. മോൺ. ജോൺ മാളിയേക്കൽ (തൃശ്ശൂർ രൂപതയുടെ മുൻ വികാരിജനറൽ) അച്ചൻ 1983-ൽ ബഹു. ക്ലാരമ്മയുടെ നാമധേയത്തിൽ Clare Bhavan എന്ന എഫ്.സി.സി. കോൺവെന്റും അതിനോട് ചേർന്ന് സോഷ്യൽ സെന്ററും സ്ഥാപിക്കുന്നതിന് സഹായസഹകരണങ്ങൾ നല്കിയിരുന്നു. 11.3.1983-ൽ സ്ഥാപിതമായ പ്രസ്തുത കോൺവെന്റിനോടു ചേർന്ന് 1985-ൽ ആരംഭിച്ച സോഷ്യൽ സെന്ററിൽ ഇതിനോടകം അനേകം യുവതികൾക്ക് തൊഴിൽ പരിശീലനവും ജോലി സാധ്യതയും ലഭിച്ചു കഴിഞ്ഞു. 1988-ൽ തുടങ്ങിയ 'Creche'-ഉം നല്ലനിലയിൽ പ്രവർത്തിക്കുന്നു.


സെന്റ് മേരീസ് കപ്പേള

## സ്ഥിരതാമസമുള്ള വികാരി

2006 ജനുവരി 18-ന് ബഹു. ഫ്രാൻസിസ് കാവിലച്ചനാണ് ഇവിടെ വൈദികമന്ദിരത്തിൽ താമസിച്ച് ശുശ്രൂഷ ആരംഭിച്ച ആദ്യത്തെ വികാരി. ബഹു. കാവിലച്ചന്റെ നേതൃത്വത്തിൽ സിമിത്തേരിയിൽ കപ്പേള പണിയിച്ച് 27.10.2006-ൽ ആശീർവാദകർമ്മം നടത്തി.


പഴയ പള്ളി